## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7651

23/07/2012 ൽ മറുപടി നൽകേണ്ടിയിരുന്നത്.

### പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കൽ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. സി. മോയിൻകുട്ടി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിരമിക്കൽ ഏകീകരണത്തിന്റെ അടിസ്ഥാനത്തിൽ പൊതുഭരണ വകുപ്പിൽ 2011-12 സാമ്പത്തിക വർഷം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച ശേഷം, ഏകീകരണം എടുത്തു കളഞ്ഞതിനെത്തുടർന്ന് 2012-13 വർഷത്തിൽ പി. എസ്.സി മുഖേന നികത്താൻ ഒഴിവുകൾ ഇല്ലാതെ വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) ഇതു മൂലം 2012-13 വർഷത്തിൽ ഒഴിവുകൾ റിപ്പോർട്ടു ചെയ്യപ്പെടാത്ത എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) 01.04.12 മുതൽ 17.07.12 വരെയുള്ള കാലയളവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത സംസ്ഥാന തലത്തിൽ 284 ഉം, ജില്ലാതലത്തിൽ 1109 ഉം റാങ്ക് ലിസ്റ്റുകൾ ഉണ്ട്. |
| (സി) ഈ പ്രയാസം പരിഹരിക്കാൻ 2012-13-ൽ 3 വർഷ കാലാവധി പൂർത്തിയാക്കുന്ന ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുകയും സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ